**ഇലക്ട്രോണിക് സ്വർണ്ണം (ഇ-ഗോൾഡ്) ഭാരതീയ നിയമനിഷേധം: ആർ.ബി.ഐ**

ഒക്ടോബർ 21, 2002

ചില ഏജൻസികൾ / വ്യക്തികൾ ഇ-ഗോൾഡ് - ഒരു ഇലക്ട്രോണിക് കറൻസിയാണ് അതെന്ന് വിവരിക്കപ്പെടുന്നു - ഉൾപ്പെടുന്ന ക്രയവിക്രയങ്ങൾ ഭാരതത്തിൽ സ്വതന്ത്രമായി അനുവദിക്കപ്പെട്ടിട്ടുണ്ട് എന്നൊരു ധാരണ പൊതുജനങ്ങൾക്കിടയിൽ പരത്താൻ ശ്രമിക്കുന്ന കാര്യം ആർ.ബി.ഐ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ-ഗോൾഡിന് ഒരു വിദേശകറൻസിയുടെ പദവിയുണ്ടെന്നും ധാരണപരത്താൻ ശ്രമമുണ്ട്. പ്രവാസികളായ ഇന്ത്യാക്കാർ ഭാരതത്തിലേയ്ക്ക് പണമയക്കാൻ ഇ-ഗോൾഡ് ഉപയോഗിക്കുന്നു എന്ന് പ്രസ്താവിക്കുന്ന ഒരു ലഘുലേഖ ഈയിടെ ഒരു വാർത്താപത്രത്തോടൊപ്പം വിതരണം ചെയ്തതും ആർ.ബി.ഐ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇ-ഗോൾഡ് ഒരു പരമാധികാര ഭരണകൂടത്തിന്റെയും കറൻസിയല്ലെന്ന് ആർ.ബി.ഐ പൊതുജനങ്ങളെ അറിയിച്ച് കൊള്ളുന്നു. ഏതൊരു ക്രയവിക്രയത്തിനും ഇ-ഗോൾഡ് ഉപയോഗിക്കുന്നത് ഇന്ത്യയിൽ നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമാണ്. പൊതുജനങ്ങൾ, ബാങ്കുകൾ, മണിചെയ്ഞ്ചർമാർ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവ ഇ-ഗോൾഡ് ക്രയവിക്രയങ്ങൾക്ക് ഉപയോഗിക്കുന്നതിനെതിരെയുള്ള മുന്നറിയിപ്പാണിത്.

അൽപ്പന കില്ലാവാല
പൊതുകാര്യദർശി

പത്രക്കുറിപ്പ് 2002-2003/409